**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി FACT-യിൽ നിന്നും വാങ്ങിയതും കിൻഫ്രയുടെ കൈവശമുള്ളതുമായ ഭൂമിയിൽ നിന്ന് 25 ഏക്കർ സ്ഥലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഭരിക്കുന്ന mixed (inert) മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സാനിറ്ററി ലാൻഡ് ഫിൽ നിർമ്മിക്കുന്നതിന് അനുമതി നൽകിയും സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി സംഭരിച്ചതിൽ അവശേഷിക്കുന്ന 3000MT നിഷ്ക്രിയ മാലിന്യം (inert waste) കൂടി ഉടൻ എടുക്കുന്നതിന് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് നിർദ്ദേശം നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt) No.1198/2020/LSGD തീയതി,തിരുവനന്തപുരം, **18/06/2020**

പരാമർശം:- ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 11.05.2020-ലെ C49/CKCL/2020നമ്പർ കത്ത്

**ഉത്തരവ്**

കൊവിഡ്-19 വ്യാപനത്തിന്റെയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെയും ഭാഗമായി ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഖരമാലിന്യങ്ങൾ ശേഖരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലേക്കും കമ്പനിയുടെ ഗോഡൗണുകളിലേക്കും മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. നിഷ്ക്രിയ മാലിന്യങ്ങൾ (inert waste) കൊച്ചി അമ്പലമുകളിലുള്ള കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ (KEIL) ലാൻഡ് ഫില്ലിലേക്ക് നിശ്ചിത ഫീസ് നൽകി നീക്കം ചെയ്യാൻ ക്ലീൻ കേരള കമ്പനി നടപടിയെടുത്തു വരവേ KEIL-ന് സംസ്കരിക്കാനായി നൽകാവുന്ന മാലിന്യത്തിന്റെ അളവ് 2000 MT ആയി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിമിതപ്പെടുത്തി. എന്നാൽ KEIL-ന് നല്കിയിട്ടുള്ള 2000 MT നിഷ്ക്രിയ മാലിന്യങ്ങൾക്ക് പുറമേ 3000 MT മാലിന്യം കൂടി ക്ലീൻ കേരള കമ്പനിക്ക് സംസ്കരണത്തിനായി കൈമാറേണ്ടതുണ്ട്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ കിൻഫ്രയുടെ കൈവശം FACT യിൽ നിന്നും വാങ്ങിയ ഭൂമിയിൽ നിന്നും 25 ഏക്കറോളം ഭൂമിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി "സാനിറ്ററി ലാൻഡ്ഫിൽ" സജ്ജമാക്കാൻ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്താമെന്നും ശാശ്വത പരിഹാരം എന്ന നിലയിൽ സംസ്ഥാനത്തിന്റെ വടക്ക്, മദ്ധ്യ, തെക്ക് പ്രദേശങ്ങൾക്കായി ഇൻഡസ്ട്രിയൽ പാർക്കുകളിൽ ഇപ്പോൾ ഉപയോഗിക്കാത്ത സ്ഥലങ്ങൾ ലാൻഡ് ഫില്ലുകൾക്കായി കണ്ടെത്താമെന്നും ചീഫ്

സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിൽ നിർദ്ദേശമുണ്ടായി.

2. FACT-യിൽ നിന്നും വാങ്ങിയതും കിൻഫ്രയുടെ കൈവശമുള്ളതുമായ ഭൂമിയിൽ നിന്നും 25 ഏക്കറോളം സ്ഥലം ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണെങ്കിൽ സാനിറ്ററി ലാൻഡ്ഫിൽ നിർമ്മിക്കുന്നതിൽ വൈദഗ്ധ്യമുള്ള KEIL-ന്റെ മേൽനോട്ടത്തിൽ പ്രസ്തുത ഭൂമിയിൽ സാനിറ്ററി ലാൻഡ്ഫിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഒരു പദ്ധതി രൂപരേഖ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന മാലിന്യ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാകണമെങ്കിൽ ക്ലീൻ കേരള കമ്പനി സംസ്ഥാനത്തെ തദ്ദേശസ്വംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റും ശേഖരിക്കുന്ന 3000 MT നിഷ്ക്രിയ മാലിന്യം കൂടി ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുണ്ട്. കൂടാതെ നിഷ്ക്രിയ മാലിന്യങ്ങളുടെ സംസ്കരണത്തിനായി സംസ്ഥാനത്ത് അടിയന്തിരമായി ഒരു സാനിറ്ററി ലാന്റ്ഫിൽ സജ്ജീകരിക്കേണ്ടതുമുണ്ട്.

4. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന അനുമതികളും നിർദ്ദേശങ്ങളും നൽകി ഉത്തരവാകുന്നു.

i. എറണാകുളം ജില്ലയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി FACT-യിൽ നിന്നും വാങ്ങിയിട്ടുള്ളതും കിൻഫ്രയുടെ കൈവശമുള്ളതുമായ ഭൂമിയിൽ നിന്ന് അനുയോജ്യമായ 25 ഏക്കർ സ്ഥലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ Mixed (inert) മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സാനിറ്ററി ലാൻഡ് ഫിൽ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നു. ഇപ്രകാരം പ്രസ്തുത സ്ഥലത്ത് സാനിറ്ററി ലാന്റ്ഫിൽ നിർമ്മിക്കുന്നതിന് EIA notification, 2006 പ്രകാരം സ്റ്റേറ്റ് എൺവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റി (SIEAA) യിൽ നിന്നും പാരിസ്ഥിതിക അനുമതി (Environmental clearance) ലഭ്യമാക്കേണ്ടതാണ്. Solid Waste Management Rules, 2006 പ്രകാരം സാനിറ്ററി ലാന്റ്ഫിൽ നിർമ്മിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. സാനിറ്ററി ലാന്റ്ഫിൽ നിമ്മിക്കുന്നതിന് ആവശ്യമായ നിയമപരമായ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തം ക്ലീൻ കേരള കമ്പനിയെ, എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് ചുമതലപ്പെടുത്താവുന്നതാണ്.

ii. സാനിറ്ററി ലാന്റ്ഫിൽ നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമി കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് നൽകി ക്ലീൻ കേരള കമ്പനിയും കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡും തമ്മിൽ ഏർപ്പെടുന്ന ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ സാനിറ്ററി ലാന്റ്ഫിൽ സജ്ജമാക്കേണ്ടതും ഇതിന്റെ operation & management കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് തന്നെ ഏറ്റെടുക്കേണ്ടതുമാണ്.

iii. സംസ്ഥാനത്ത് സംസ്കരണത്തിനായി അവശേഷിക്കുന്ന 3000 MT നിഷ്ക്രിയ

മാലിന്യങ്ങൾ (non bio-degradable / non usable, non recyclable, non combustible and non reactive inert waste) കൂടി കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ഉടൻ ലാന്റ്ഫിൽ ചെയ്യുന്നതിനായി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം മാലിന്യം സംസ്കരിക്കുമ്പോൾ കത്തുന്ന വാതകങ്ങൾ നിർഗമിക്കുന്നതിനും അഗ്നിബാധയുണ്ടാകുന്നതിനുമുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ KIEL സ്വീകരിക്കേണ്ടതാണ്. ലീച്ചറ്റ് ശേഖരിക്കുന്നതിനും അത് സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

iv. മേല്പറഞ്ഞ പ്രകാരം KIEL സംസ്കരിക്കുന്ന 5000 MT നിഷ്ക്രിയ മാലിന്യങ്ങൾക്ക് പകരമായി 5000 MT ആപത്കരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പര്യാപ്തമായ ഒരു സെൽ അല്ലെങ്കിൽ മതിയായ സ്ഥലം KIEL-ന് നൽകുന്നതിനും അനുമതി നൽകുന്നു.

5. മേൽ പറഞ്ഞ പ്രകാരം കിൻഫ്രയുടെ കൈവശമുള്ള 25 ഏക്കർ ഭൂമി KIELന് കൈമാറുന്നതിനുള്ള വിശദമായ ഉത്തരവ് വ്യവസായ വകുപ്പ് പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

മാനേജിംഗ് ഡയറക്ടർ, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എകിസിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
വ്യവസായ വകുപ്പ്
പരിസ്ഥിതി വകുപ്പ്
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി ) വകുപ്പ് (ഇനം നമ്പർ 4027 തീയതി 03.06.2020)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.06.18 19:02:48 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്